# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 124 16.03.2015-ൽ മറുപടിയ്ക്ക്

### പുതിയ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് എതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരായുകയുണ്ടായിട്ടുണ്ടോ; | ബി) | പഞ്ചായത്ത് വിഭജനം സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ പഠനത്തിന്റെ ശേഷമാണ് സർക്കാർ തീരുമാനം എടുത്തിട്ടുളളത്. 2010-ൽ ചെയ്തതുപോലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രാഥമിക വിജ്ഞാപന ത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അഭിപ്രായം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത തീരുമാനം മൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ; ഇതു സംബന്ധിച്ച് എന്തെങ്കിലും കണക്ക് ലഭ്യമാണോ; | സി) | സാമ്പത്തിക ബാധ്യത ഉണ്ടാകും. കൃത്യമായ ബാദ്ധ്യത കണക്കാക്കി വരുന്നു. |
| ഡി) | വൈകി ആരംഭിച്ച പുനർനിർണ്ണയവും പുതിയ തദ്ദേശസ്ഥാപനങ്ങൾ രൂപീകരിക്കലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് തടസ്സമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | ഡി) | തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ